(ഇ) പ്രസ്തുത പി.എച്ച്. സെന്റർ തുറന്നു പ്രവർത്തിപ്പിക്കണം എന്ന് ആവശ്യപ്പെട്ട് കായംകുളം എം.എൽ.എ. നൽകിയ നിവേദനം പരിഗണനയിലുണ്ടോ;

(എഫ്) ഇത് എന്ന് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അധിക ജീവനക്കാരുടെ തസ്തികകൾ അനുവദിക്കാത്തത് കാരണം കണ്ണല്ലൂർ പി.എച്ച്.സി. തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല.

(ബി) ഇവിടെ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

അസിസ്റ്റന്റ് സർജൻ - 1,

സ്റ്റാഫ് നഴ്സ് - 5,

നഴ്സിംഗ് അസിസ്റ്റന്റ് - 2,

എച്ച്.എ. ഗ്രേഡ്-1 - 1,

എച്ച്.എ. ഗ്രേഡ്-2 - 2.

(സി) ആവശ്യമായ ഫർണിച്ചറുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശുദ്ധജല സൗകര്യം ഏർപ്പെടുത്തുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ധനലഭ്യതയനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പ്രസ്തുത പി.എച്ച്.സി. തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്.

**199 (2515) മെഡിക്കൽ റീഇംപേഴ്സ്മെന്റ്**

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷനേതാവിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സമർപ്പിച്ച മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള ക്ലെയിം 20-8-98-ലെ ജി.ഒ. (പി) 163/90 എച്ച്.ആന്റ് എഫ്.ഡബ്ല്യു.ഡി. എന്ന ഉത്തരവിന്റെ ഏതു വ്യവസ്ഥ അനുസരിച്ചാണ് തള്ളിക്കളഞ്ഞതെന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് നൽകുന്നത് സംബന്ധിച്ച് 25-9-95-ൽ 8522/ജി2/95/ആ.കു.വ. എന്ന ഒരു സർക്കുലർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ക്ളാസ് (1) ലെ വ്യവസ്ഥയനുസരിച്ച്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മെഡിക്കൽ റീഇംപേഴ്സ്മെന്റിനുവേണ്ടി അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച് സംശയനിവാരണമാണ് 25-9-95-ലെ 8522/ജി2/95/ആ.കു.വ. സർക്കുലർ മുഖേന പുറപ്പെടുവിച്ചത്.

സ.ഉ. നമ്പർ പി. 163/90/ആ.കു.വ. തീയതി 20-8-90 പ്രകാരം ചികിത്സയുടെ അവസാന ദിവസം മുതൽ മൂന്നു മാസത്തിനകം മെഡിക്കൽ റീഇംപേഴ്സ്മെന്റിന് അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ചികിത്സയ്ക്ക് അവസാനം മരുന്ന് വാങ്ങിയ ബില്ലിന്റെ തീയതിയോ അല്ലെങ്കിൽ ആതറൈസ്ഡ് മെഡിക്കൽ അറ്റന്റന്റ് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഒപ്പിട്ട തീയതിയോ, ഇതിൽ ഏതാണോ പിന്നീടുവരുന്നത്, ആ തീയതിയാണ് ചികിത്സയുടെ അവസാന തീയതിയായി കണക്കാക്കേണ്ടത് എന്ന് 25-9-95 ലെ സർക്കുലർ പ്രകാരം വിശദീകരണം നൽകിയിരുന്നു.

**200 (2516) ശിശുപരിപാലന പരിപാടി**

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് ഒരു മാതൃശിശു സംരക്ഷണപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഐക്യരാഷ്ട്ര ജനസംഖ്യാനിധിയുടെ ആഭിമുഖ്യത്തിൽ ഒരു ശിശുപരിപാലന പരിപാടി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രജനന ശൈശവാരോഗ്യപദ്ധതിക്ക് വിദേശസഹായം ഇന്ത്യാ ഗവണ്മെന്റ് വഴി ലഭിക്കുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ 92 ൽ ആരംഭിച്ച ശിശു അതിജീവനവും സുരക്ഷിത മാതൃത്വവും എന്ന പരിപാടിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രജനന ശൈശവാരോഗ്യ പദ്ധതിക്ക് ലോകബാങ്കിന്റെ ധനസഹായം കൂടാതെ യൂറോപ്യൻ കമ്മീഷൻ, യൂണിസെഫ്, യു.എൻ.എഫ്.പി.എ. എന്നീ അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്.

(ബി) ഐക്യരാഷ്ട്ര ജനസംഖ്യാനിധിയുടെ സഹായത്തോടുകൂടി ശിശുപരിപാലനം കൂടി ഉൾക്കൊള്ളുന്ന ഐ.പി.ഡി. (ഇന്റഗ്രേറ്റഡ് പോപ്പുലേഷൻ ആന്റ് ഡവലപ്മെന്റ് പ്രോജക്ട്) പദ്ധതി കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ മൂന്നു ജില്ലകളിൽ ആരംഭിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി കേന്ദ്ര ഗവണ്മെന്റ് വഴി രണ്ടു കോടി രൂപ അനുവദിച്ചു. 25 ലക്ഷം രൂപ ഗവണ്മെന്റ് ഉത്തരവ് വഴി സ്കോവാ ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. കേരള വനിതാ കമ്മീഷൻ, നെഹ്റു യുവകേന്ദ്രം, ആർ.സി.സി., എസ്.സി.ഇ.ആർ.ടി, കില തുടങ്ങിയ ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഐ.പി.ഡി.യുടെ സംസ്ഥാന ആഫീസിലേക്കും ജില്ലാ ഓഫീസിലേക്കും വേണ്ടതായ നിർദ്ദിഷ്ട തസ്തികകളിൽ ഡെപ്യൂട്ടേഷനിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly